# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2337

09.12.2014- ലെ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ Income Tax വകുപ്പിന്റെ ഇടപെടൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) Income Tax വകുപ്പിന്റെ നിരന്തരമായ ഇടപെടൽ കേരളത്തിലെ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ മുതൽ വിവിധ തലങ്ങളിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സുഗമവുമായ പ്രവർത്തനത്തിന് ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133 ഉം വകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽ വിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ഇൻകം ടാക്സ് വകുപ്പ് സഹകരണ സംഘങ്ങൾക്ക് /ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ് എൽ പി 3976/2010) തീർപ്പാക്കിക്കൊണ്ട് 27.8.2013 -ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. |
| ബി) ഇക്കാര്യം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചോ; എങ്കിൽ വിശദവിവരം നൽകുമോ ; | (ബി) ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിയും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പ് മന്ത്രിമാർക്കും ബഹു. കേരള മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കത്തയയ്ക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം കേന്ദ്ര പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന എം.പി.മാരുടെ സമ്മേളനത്തിൽ വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. |
| സി) ഇക്കാര്യത്തിൽ വിശദവും സമഗ്രവുമായ ഒരു നിയമ നിർമ്മാണത്തിനു ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) ആദായ നികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിലാണ് നിക്ഷിപ്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ